LIBRARY ARCHIVES Kerala Legislative Assembly

അധ്യാപക ബാങ്കിൽനിന്ന് നിയമനം

77 (7044) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ശൂന്യവേതന അവധിയിൽ പോകുന്ന അധ്യാപകർക്കു പകരം ലീവ് വേക്കൻസിയിൽ അധ്യാപകരെ നിയമിക്കേണ്ടത് അധ്യാപക ബാങ്കിൽനിന്ന് വേണമെന്ന് സർക്കുലർ ഇറക്കിയിട്ടുണ്ടോ ;

(ബി) അധ്യാപക ബാങ്കിൽ മതിയായ അധ്യാപകർ ഇല്ലെങ്കിൽ പ്രസ്തുത തസ്തികയിൽ താൽക്കാലിക നിയമനം നടത്താൻ നിലവിൽ കഴിയുമോ ;

(സി) ഇല്ല എങ്കിൽ പ്രസ്തുത തസ്തികകൾ നികത്താൻ എന്തു മാർഗ്ഗമാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 1-10-2011-ലെ സ.ഉ.199/11 /പൊ.വിവ ഉത്തരവിന്റെ ഖണ്ഡിക 6 ബി(X) 6 സി(ii) എന്നിവപ്രകാരം അവധി ഒഴിവിൽ അദ്ധ്യാപക ബാങ്കിൽ നിന്നും മാത്രമേ നിയമനം നടത്തുവാൻ പാടുള്ളൂ. കൂടാതെ 25-10-2011-ലെ 60930/ജെ2/11/ പൊവിവ എന്ന വിശദീകരണം പ്രകാരം 1-10-2011-ന് ശേഷമുള്ള അവധി ഒഴിവുകളിൽ അധ്യാപക ബാങ്കിൽ അധ്യാപകർ ലഭ്യമല്ലെങ്കിൽ പ്രസ്തുത നിയമനം ദിവസവേതനാടിസ്ഥാനത്തിലായിരിക്കണമെന്ന് വ്യക്തമാക്കിയിരുന്നു.

(ബി&സി) ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകാവുന്നതാണ്.

എസ്.എസ്.എ.യിലെ റിസോഴ്സ് അധ്യാപകരുടെ കരാർ നിയമനം

78 (7045) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സർവ്വ ശിക്ഷാഅഭിയാൻ പദ്ധതിയിൽ റിസോഴ്സ് അധ്യാപകരായി കരാർ അടിസ്ഥാനത്തിൽ ജോലിയിൽ തുടരുന്നവർ ഓരോ വർഷവും കരാർ പുതുക്കാറുണ്ടോ ;

(ബി) 2014-15 വർഷത്തെ കരാർ ഇതുവരെ പുതുക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പുതുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

ഉത്തരം

(എ) കേന്ദ്ര സംസ്ഥാന സമയബന്ധിത സംയോജിത പദ്ധതിയായ സർവശിക്ഷാ അഭിയാൻ പ്രകാരം, കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയം

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായി അനുവദിക്കുന്ന തുക ഉപയോഗിച്ച് റിസോഴ്സ് അദ്ധ്യാപകരായി കരാർ അടിസ്ഥാനത്തിൽ മുൻവർഷം ജോലിചെയ്തുവരുന്നവരുടെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിലും ഫണ്ട് ലഭ്യതയുടെ അടിസ്ഥാനത്തിലും കരാർ നിയമനം പുതുക്കാറുണ്ട്:

(ബി&സി) 28-5-2014 പ്രാബല്യത്തിൽ കരാർ പുതുക്കി നിയമനം നൽകിയിട്ടുണ്ട്.

കായികാദ്ധ്യാപക നിയമനം

79 (7046) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടികളുടെ കുറവുമൂലം അദ്ധ്യാപക തസ്തിക നഷ്ടപ്പെടാതിരിക്കാൻ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:35 ആക്കി കുറയ്ക്കുന്നതിന് ഉത്തരവായതു പോലെ ഈ ആനുകൂല്യം യു. പി. സ്കൂളുകളിലെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്കുകൂടി സാധ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) അപ്പർ പ്രൈമറിയിൽ 2 പീരിയഡ് എങ്കിലും ഉള്ള കായികാദ്ധ്യാപകരെ അതത് സ്കൂളുകളിൽത്തന്നെ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) അപ്പർ പ്രൈമറി മുതലുള്ള എല്ലാ വിദ്യാലയങ്ങളിലും ഒരു കായിക അദ്ധ്യാപകനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) സ്കൂൾ കായികാദ്ധ്യാപകർക്ക് വിവിധ കായിക ഇനങ്ങളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നല്കണമെന്നത് സംബന്ധിച്ച നിലവിലുള്ള നിയമത്തിൽ നിഷ്കർഷിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് വ്യവസ്ഥ ചെയ്യാൻ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ തയ്യാറാകുമോ ;

(ഇ) സബ്ജില്ല, ജില്ലാ കായികമേളയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് സ്കൂൾ യുവജനോത്സവത്തിൽ നൽകുന്നതുപോലെ ഭക്ഷണം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) യു.പി. സ്കൂളുകളിൽ കായികാദ്ധ്യാപക തസ്തിക അനുവദിക്കുന്നതിന് കുറഞ്ഞത് അഞ്ഞൂറ് കുട്ടികൾ ഉണ്ടായിരിക്കണം. ഇതിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലില്ല.

(ബി) അപ്പർ പ്രൈമറിയിൽ അഞ്ഞൂറ് കുട്ടികളെങ്കിലും ഉണ്ടെങ്കിൽ മാത്രമേ ഒരു സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തിക അനുവദിക്കാൻ കഴിയൂ.

(സി) കായികാദ്ധ്യാപകരുടെ പൂളിംഗ് വഴി എല്ലാ വിദ്യാലയങ്ങളിലും അവരുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly